മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നാല്. അതായതു്:—

1. നാഷണൽ ഹൈവേ
2. പ്രൊവിൻഷ്യൽ ഹൈവേ
3. ഡിസ്ട്രിക്റ്റ് റോഡ്
4. വില്ലേജ് റോഡ്

(ബി)

1. നാഷണൽ ഹൈവെ 700 മുതൽ 800 ക. വരെ
2. പ്രൊവിൻഷ്യൽ ഹൈവെ 700 മുതൽ 2000 ക. വരെ
3. ഡിസ്ട്രിക്റ്റ് റോഡു് 300 മുതൽ 2000 ക. വരെ
4. വില്ലേജ് റോഡു് 300 ക.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പതിവനുസരിച്ചു് കഴിഞ്ഞ വർഷവും മെയിൻറനൻസ് നടത്തി, ഇക്കൊല്ലവും നടത്തുന്നുണ്ടു്.

ടാൻസ്പോർട്ട് ഗ്യാരേജ്.

* 1075. [29] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ ടാൻസ്പോർട്ട ഗാരേജുകൾ പണിയുന്നതിനുവേണ്ടി എന്തു തുകയാണു നീക്കി വച്ചിട്ടുള്ളതെന്നു പറയുമോ; നീക്കിവച്ചിട്ടുള്ള തുകയിൽ ഇതിനകം എന്തു ചെലവാക്കി;

(ബി) ഏതു സ്ഥലത്താണു് ടാൻസ്പോർട്ട് ഗ്യാരേജു് പണിയാനുദ്ദേശിക്കുന്നതെന്നു പറയുമോ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഗ്യാരേജു് വെയിറ്റിംഗ് ഷെഡ്ഡു തുടങ്ങിയുള്ള കെട്ടിടങ്ങൾ പണിയുന്നതിനും ഇപ്പോഴുള്ളവ നന്നാക്കുന്നതിനുമായി, നാലുലക്ഷത്തി അൻപത്തൊൻപതിനായിരത്തി എഴുനൂറു രൂപ (4,59,700) ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടു്. ഇതിൽനിന്നും 1955 ആഗസ്റ്റു് 31 വരെ രൂ. 24,320-10-2 ചെലവായിട്ടുണ്ടു്.

(ബി) സെൻട്രൽവക്കു്സു് പാലക്കാടു്, നാഗർകോവിൽ, കൊല്ലം, പുനലൂർ, പാറശ്ശാല, എറണാകുളം, ആലപ്പുഴ ഇതിനും പുറമെ 22 വെയിറ്റിംഗ് ഷെഡ്ഡുകൾ കൂടി വിവിധസ്ഥലങ്ങളിൽ കെട്ടുന്നതിനും മറവച്ചില ബസ്സ്റ്റേഷനുകളോടും വെയിറ്റിംഗ് ഷെഡ്ഡുകളോടും അനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly